**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **13-02-2025 - ൽ മറുപടിയ്ക്ക്**

**മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ; | (എ) | ബ്ലോക്ക് ആസ്ഥാനമായാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്. ജില്ലയിൽ നെടുമങ്ങാട്, പാറശ്ശാല ബ്ലോക്കുകളിലാണ് എംവിയു സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ അതിന്റെ പ്രവർത്തന പരിധിയിൽ വാമനപുരം മണ്ഡലത്തിലെ പഞ്ചായത്തുകളും ഉൾപ്പെടുന്നു. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത യൂണിറ്റിൽ നിന്ന് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമബീജ സങ്കലനം, രോഗപ്രതിരോഗ കുത്തിവെപ്പ്, പ്രയാസമേറിയ പ്രസവം കൈകാര്യം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ലഭ്യമാക്കി വരുന്നു. കർഷകരുടെ വാതിൽപ്പടിയിൽ വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു. |
| (സി) | പ്രസ്തുത യൂണിറ്റ് ആരംഭിച്ചതിന് ശേഷം എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും സേവനം ലഭിക്കാൻ എവിടെയാണ് ബന്ധപ്പെടേണ്ടതെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത യൂണിറ്റ് ആരംഭിച്ചതിൽ 850 പേർക്ക് ഇതിന്റെ പ്രയോജനം നിലവിലുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ (നെടുമങ്ങാട്, പാറശ്ശാല) മുഖേന ലഭിച്ചിട്ടുണ്ട്. ഇതിന്റെ സേവനം ലഭിക്കുന്നതിനായി 1962 കാൾ സെന്ററിൽ ബന്ധപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ